**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1950** **11-10-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീര ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ ക്ഷീര ഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | മാവേലിക്കര നിയമസഭ മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന വിവരം പ്രസ്തുത മണ്ഡലത്തിൽ ഉൾപ്പെട്ട ഭരണിക്കാവ്, മാവേലിക്കര എന്നീ ബ്ലോക്കുകളുടെ പരിധിയിൽപ്പെട്ട ഗ്രാമപഞ്ചായത്തുകളെ രേഖാമൂലം അറിയിച്ചിരുന്നു. ആയതിൽ നൂറനാട്, മാവേലിക്കര-താമരക്കുളം, പാലമേൽ, ചുനക്കര എന്നീ ഗ്രാമപഞ്ചായത്ത് ഭരണസമിതികൾ ടി പദ്ധതി നടപ്പിലാക്കുന്നതിന് ഭരണസമിതി തീരുമാനം എടുത്തിട്ടുള്ളതും അനുമതി ലഭിക്കുന്ന പക്ഷം വാർഷിക പദ്ധതി റിവിഷൻ നടത്തി ആവശ്യമായ തുക വകയിരുത്തുന്നതാണെന്ന് അറിയിച്ചിട്ടുമുണ്ട്.<br><br>അർഹത മുൻഗണന മാനദണ്ഡങ്ങൾ കണക്കിലെടുത്ത് 2024-25 സാമ്പത്തിക വർഷത്തെ ക്ഷീരഗ്രാമം പദ്ധതി നടത്തിപ്പിനായുള്ള അന്തിമ തെരെഞ്ഞെടുപ്പ് നടത്തുന്നതിനായി ലഭ്യമായ ഗ്രാമപഞ്ചായത്തുകളുടെ പട്ടിക പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ